(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/144 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020

ഫോൺ. 0495-2371012

E-mail: ddlfakkd@yahoo.in

തീയ്യതി :31 .01.2017

ജോയിന്റ് ഡയറക്ടർ,

കോഴിക്കോട്

ചെയർപേഴ്സൺ, (സെക്രട്ടറി മുഖേന)

കൊടുവള്ളി നഗരസഭ, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻ മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.21(1),(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

കാര്യാലയ പ്രതി.

നം.കെഎസ്.എ./കെ.കെ.ഡി/പി.14/144 /2017 തീയതി : 31.01.2017

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ

വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*( 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )*

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ (01.11.2015 മുതൽ 31.03.2016 വരെ) ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭയിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻെറ പേര് , തസ്തിക | ശ്രീ. പി. ഉണ്ണികൃഷ്ണൻ, ജോയന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.1.2017മുതൽ 30.1.2017വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. പി. രത്നസിംഗ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ. വി. ഹരി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. പി. ഷൈനി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. സി.വി. ഇന്ദുകല, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| ചെയർപേഴ്ണ്‍ | ശ്രീമതി. ശരീഫ. സി. കെ - 01.11. 2015 മുതൽ 31.3.2016 വരെ |

| | |
|---|---|
| സെക്രട്ടറി | ശ്രീ. ബി. ബാബു പ്രസാദ്, സെക്രട്ടറി - 01.11. 2015 മുതൽ 31.3.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി. നസീമ. കെ.കെ | കൃഷി ഓഫീസർ | 01.11. 2015 മുതൽ 31.3.2016 വരെ |
| ശ്രീമതി. പി.എസ്. ശ്രീജ | വെറ്ററിനറി സർജ്ജൻ | 01.11. 2015 മുതൽ 31.3.2016 വരെ |
| ഡോ. സാമുവൽ റോബർട്ട് ജാഫെത്ത് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01.11. 2015 മുതൽ 31.3.2016 വരെ |
| ഡോ. പി. ദേവസ്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.11. 2015 മുതൽ 31.3.2016 വരെ |
| ശ്രീ. വി. അഭിനേഷ് കുമാർ | വി.ഇ.ഒ. | 01.11. 2015 മുതൽ 31.3.2016 വരെ |
| ശ്രീമതി. സുനിത .ടി.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.11. 2015 മുതൽ 31.3.2016 വരെ |
| ശ്രീ. ഇ.കെ. മുഹമ്മദ് | ഹെഡ് മാസ്റ്റർ | 01.11. 2015 മുതൽ 31.3.2016 വരെ |
| ശ്രീ. പ്രദീപ്കുമാർ | അസിസ്റ്റൻറ് എഞ്ചിനീയർ | 01.11. 2015 മുതൽ 31.3.2016 വരെ |

<u>ഓഡിറ്റ് റിപ്പോർട്ടിൻെറ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ക്രമ.നം. | ഭാഗം - 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിൻെറ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 1-10 |
| ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | ക്യാഷ് ബാലൻസ് പരിശോധന – ചെസ്റ്റിൽ അധികം തുക കണ്ടെത്തി | 2-2 |
| 13 | രശീതി പുസ്തകങ്ങളുടെ സൂക്ഷിപ്പ്, പണം പിരിവ് എന്നിവയിലെ പൊതു അപാകതകൾ | 2-3 |
| 14 | വസ്തുനികുതി - നികുതി നിരക്കുകൾ റിവൈസ് ചെയ്തില്ല | 2-4 |
| ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തതും മറ്റപാകതകളും-പഞ്ചായത്തിന് നഷ്ടം | 3-1 |

| | | |
|---|---|---|
| | | |
| 16 | റോഡിൽ കരിങ്കല്ല് പാകിയതിന്(Dry rubble paving)മുകളിൽ കോൺക്രീറ്റ് പ്രവൃത്തി -ഐആർസി സ്പെസിഫിക്കേഷന് വിരുദ്ധം | 3-2 |
| 17 | റോഡിന്റെ ഉപരിതലത്തിൽ ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല | 3-3 |
| 19 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ജൈവവളം വിതരണം ചെയ്തു | 3-4 |
| 20 | വാട്ടർ അതോറിറ്റിക്ക് വാട്ടർചാർജ് അടയ്ക്കുന്നത്-സംയുക്തപരിശോധന നടത്തിയില്ല | 3-5 |
| 21 | നഗരസഭക്ക് വാഹനം വാങ്ങുന്ന പദ്ധതി-അപാകതകൾ | 3-6 |
| 22 | ക്ളീൻ കൊട്ടുവള്ളി പദ്ധതി-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതി | 3-7 |
| 23 | അംഗീകാരമില്ലാത്ത തസ്തികകളിൽ നിയമനം നടത്തി പഞ്ചായത്ത് ഫണ്ട് ചെലവ് ചെയ്തു | 3-8 |
| 24 | സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ-അപാകതകൾ | 3-9 |
| 25 | തെരുവ് വിളക്കിന്റെ വൈദ്യുതിചാർജ്ജ്-വൈദ്യുതി ബോർഡുമായി സംയുക്തപരിശോധന നടത്തിയില്ല | 3-10 |

| | | |
|---|---|---|
| 26 | നഗരസഭയുടെ വാഹനസംരക്ഷണം തൃപ്തികരമല്ല | 3-11 |
| 27 | നഗരസഭാകൗൺസിൽ യോഗങ്ങളുടെ മിനുട്ട്സ്-അപാകതകൾ | 3-12 |
| 28 | മാർഗ്ഗരേഖക്ക വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി | 3-13 |
| 29 | ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്നിന് തുക ചെലവഴിച്ചത് -മരുന്ന് ലഭിച്ചില്ല | 3-14 |
| ഭാഗം 4 | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | 4-7 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം – 1 – വാർഷിക കണക്ക് സാക്ഷ്യപത്രം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 28.03.2015 ലെ 1/15 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 4.03.2016 ലെ 51/16 ( 1 ) നമ്പർ തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 17.09.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-16 | 24.1.2017 | കെ.എസ്.എ.കെ.കെ.ഡി. . തീയതി | വിശേഷണത്തോടെയുള്ള സർട്ടിഫിക്കറ്റ് |

## 1-4 സാമ്പത്തിക വിശകലനം(റസീറ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3182036 |
| വരവ് | 42031087 |
| ആകെ | 45213123 |
| ചെലവ് | 41403322 |
| നീക്കിയിരിപ്പ് | 3809801 |

## 1-5 ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 2015-16 | 381 | 209 | - | 172 | 55 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 3 | 3761912 | 2241696 | 60 |
| വെറ്റിനറി സർജ്ജൻ | 5 | 3 | 2619028 | 1850280 | 71 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 5 | 4 | 1250000 | 1091514 | 87 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 4965700 | 3957350 | 80 |
| സെക്രട്ടറി | 34 | 16 | 18071526 | 6661705 | 37 |
| ഹെഡ്മാസ്റ്റർ | 3 | 2 | 864200 | 300954 | 35 |
| അസിസ്റ്റന്റ് എൻജിനീയർ | 322 | 176 | 100356067 | 35948975 | 36 |
| ആകെ | 381 | 209 | 132088433 | 52252474 | 40 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 2015-16 | 381 | 209 | - | 172 | 55 |

## 1-7 തനത് വരുമാനം

ഓഡിറ്റ് വർഷത്തിൽ (01.11.2015 മുതൽ 31.03.2016 വരെ) ലഭിച്ച തുകയുടെ വിവരം.

| ഇനം | തൻവർഷം |
|---|---|
| നികുതി വരവുകൾ | 4179674 |
| നികുതിയേതര വരവുകൾ | 1867539 |

| | |
|---|---|
| മറ്റു വരവുകൾ | 869211 |
| ആകെ | 6047213 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 448 | 573600 |
| കർഷക തൊഴിലാളി പെൻഷൻ | 507 | 3167400 |
| വിധവാ പെൻഷൻ | 1582 | 13231200 |
| വികലാംഗ പെൻഷൻ | 508 | 4274400 |
| വാർദ്ധക്യകാല പെൻഷൻ | 854 | 9895200 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 68 | 451177 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 10 | 230000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന16.1.2017ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 60,487/- രൂപ നീക്കിയിരിപ്പുള്ളതിൽ 43,640/- രൂപയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം(ഗ്രാമ പഞ്ചായത്ത് ആയിരുന്ന കാലത്തേത്)

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2015 | 3/15 – 6/15 | C2-9244/15, 07.08.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.08.2002 | 1997-98 മുതൽ 2001-02 വരെ | Spl.cell(H.Q)1/1A/8A-372/388, Dated 11.11.2002 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക കണക്കുകളിൽ (1.11.2015 മുതൽ 31.3.2016 വരെയുള്ള കാലത്തെ ) താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന കൊട്ടുവള്ളി സർവീസ് സഹകരണ ബാങ്ക് 609 നമ്പർ അക്കൗണ്ടിന്റെ 31.3.2016 ലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ കലക്ഷനായി നല്കിയ താഴെപ്പറയുന്ന ചെക്ക് അന്നേ ദിവസം വരെ കളക്ഷനായിട്ടില്ല.

| ചെക്ക് നം / തീയതി | കളക്ഷന് ബാങ്കിൽ നല്കിയ തീയതി | തുക |
|---|---|---|
| 697853 /30.9.2014 | 29.11.2014 | 450 |

ബാങ്കുമായി ബന്ധപ്പെട്ട് മേൽ ചെക്കിന്റെ കലക്ഷന്റെ നിജസ്ഥിതി ഉറപ്പു വരുത്തേണ്ടതാണ്.

2. കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. തൊഴിൽ നികുതി ( പ്രൊഫഷണൽസ് / ട്രേഡേഴ്സ് ) വരവിന്റെ കാര്യത്തിൽ വാർഷിക കണക്കു പ്രകാരമുള്ള തുകയും ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| സ്ഥാപനം | വാർഷിക കണക്കു പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| പഞ്ചായത്ത് + നഗരസഭ | 7,27,225 | 7,37,675 | 10,450 |

4. തൊഴിൽ നികുതി ( ജീവനക്കാർ ) വരവിന്റെ കാര്യത്തിൽ വാർഷിക കണക്കു പ്രകാരമുള്ള തുകയും ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| സ്ഥാപനം | വാർഷിക കണക്കു പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| നഗരസഭ | 10,02,767 | 9,81,667 | 21,100 |

5. കെട്ടിട നിർമ്മാണ പെർമിറ്റ് ഫീയുടെ കാര്യത്തിൽ വാർഷിക കണക്കു പ്രകാരമുള്ള തുകയും രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| വാർഷിക കണക്കു പ്രകാരം | 9,75,798 |
| രജിസ്റ്റർ പ്രകാരം | 9,04,114 |
| വ്യത്യാസം | 71,684 |

6. ട്രഷറി തനത് ഫണ്ട് വി.പി.എഫ്.എ – 1 2 , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - 1061014435

( ഒ. എ. പി ) എന്നീ അക്കൗണ്ടുകൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുകയാണ്.

7. നഗരസഭയുടെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ഐ. ടി , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

9. കൊടുവള്ളി ഗ്രാമ പഞ്ചായത്ത് 1.11.2015 മുതൽ നഗരസഭ ആയി മാറിയെങ്കിലും തുടർന്ന് 31.1.2016 വരെ സാംഖ്യ സോഫ്റ്റ് വെയറിന്റെ ഗ്രാമ പഞ്ചായത്ത് വേർഷൻ തന്നെയാണ് ഉപയോഗിച്ചത്. 31.1.2016 ന് സാംഖ്യ സോഫ്റ്റ് വെയറിന്റെ നഗരസഭ വേർഷൻ സ്ഥാപിച്ച്

1.11.2015 മുതൽ 31.1.2016 വരെയുള്ള കാലത്തെ വരവുകൾ ഇന്ററപ്റ്റഡ് രസീപ്റ്റ് ആയും ചെലവുകൾ മാന്വലായി കൂട്ടിയെടുത്ത് അതാത് ഹെഡുകളിൽ ചേർക്കുകയുമാണ് ചെയ്തത്. ഇക്കാലയളവിലെ വരവു ചെലവുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. ആയതിനാൽ ഓഡിറ്റ് കാലയളവിലെ വരവു ചെലവുകൾ, ആസ്തി - ബാധ്യത എന്നിവയുടെ കൃത്യത ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 ക്യാഷ് ബാലൻസ് പരിശോധന – ചെസ്റ്റിൽ അധികം തുക കണ്ടെത്തി

നഗരസഭയുടെ 2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് 16.1.2017 ന് രാവിലെ 11 മണിക്ക് നഗരസഭയുടെ തൽസമയത്തെ ക്യാഷ് ബാലൻസ് പരിശോധിക്കുകയുണ്ടായി. തലേ

ദിവസത്തെ കൗണ്ടർ കലക്ഷനായ 16,847/- രൂപയാണ് ഡേ ബുക്ക് പ്രകാരം ചെസ്റ്റിൽ നീക്കിയിരിപ്പുണ്ടാകേണ്ടത്. എന്നാൽ പരിശോധനാ വേളയിൽ 60,487/- രൂപ ചെസ്റ്റിൽ കണ്ടെത്തി. ഇപ്രകാരം 43,640/- രൂപ ചെസ്റ്റിൽ അധികമായി സൂക്ഷിക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാഷ് ബുക്ക് പ്രകാരം തൽസമയത്തെ നീക്കിയിരിപ്പ് 16,845/ രൂപയാണ്. എന്നാൽ ഡേ ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 16,847/- രൂപയാണ്.

2. നഗരസഭ സൂക്ഷിക്കേണ്ട സബ്സിഡിയറി ക്യാഷ് ബുക്ക് , ഇംപ്രസ്റ്റ് രജിസ്റ്റർ, അൺ ഡിസ്ബേഴ്സ്ഡ് പേ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണ്.

## 2-3 രശീതി പുസ്തകങ്ങളുടെ സൂക്ഷിപ്പ്, പണം പിരിവ് എന്നിവയിലെ പൊതു അപാകതകൾ

1. രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് കാലയളവിൽ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പേജ് 39 പ്രകാരം 31.12.2015 തീയതിയിൽ വിതരണം ചെയ്ത 11, 12, 13 നമ്പർ രശീതി പുസ്തകങ്ങൾ ആർക്കാണ് നല്കിയതെന്ന് രേഖയില്ല. ഓഫീസിലെ വിവിധ വിഭാഗം ജീവനക്കാർ അവർക്ക് ആവശ്യമുള്ള രശീതിപുസ്തകങ്ങൾ അവർ തന്നെ പേരെഴുതി കൈപ്പറ്റുന്ന അവസ്ഥയാണുള്ളത്. 16.2.2015 ലെ ഓഫീസ് ഉത്തരവ് നമ്പർ 6/2015 ഖണ്ഡിക 3.8 പ്രകാരം രശീതി പുസ്തകങ്ങൾ ആവശ്യാനുസരണം ജീവനക്കാർക്ക് വിതരണം ചെയ്യുകയും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുകയും ചെയ്യുക എന്നുള്ളത് ജൂനിയർ സൂപ്രണ്ടിന്റെ ചുമതലയാണ്. എന്നാൽ രശീതി പുസ്തകങ്ങളുടെ വിതരണത്തിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലും ജൂനിയർ സൂപ്രണ്ട് ഓഫീസ് ഉത്തരവ് പ്രകാരം അദ്ദേഹത്തെ ഏൽപ്പിച്ച ചുമതലകൾ നിർവഹിച്ചിട്ടില്ല.

2. ഫ്രണ്ട് ഓഫീസ് സാംഖ്യ രശീതികൾ - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

നഗരസഭയിലെ ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്ന സാംഖ്യ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നാളിതു വരെ നഗരസഭയിൽ ഉപയോഗത്തിനായി ലഭിച്ച സാംഖ്യ രശീതികൾ ഏതൊക്കെയാണെന്നോ അവ ആർക്കൊക്കെ വിതരണം ചെയ്തുവെന്നോ അവ ഏതൊക്കെ കാലയളവിൽ ഉപയോഗിച്ചുവെന്നോ ഉള്ള യാതൊരു വിവരവും ലഭ്യമല്ല. നാളിതു വരെ ഉപയോഗിച്ച സാംഖ്യ രശീതികളുടെ യാതൊരു വിവരവും ലഭ്യമല്ലാത്തതിനാൽ ഇപ്രകാരം നല്കിയ രശീതികളുടെ വിശ്വാസ്യത ഉറപ്പ് വരുത്തുവാൻ കഴിയാത്ത അവസ്ഥയാണ്.

3. ഫ്രണ്ട് ഓഫീസ് വഴി നൽകിക്കൊണ്ടിരിക്കുന്ന സാംഖ്യ രശീതികളിൽ നിലവിൽ നഗരസഭയുടെ പേര് ഇല്ല. ഇത് ഓഫീസിൽ നിന്നും നൽകുന്ന രശീതികളുടെ വിശ്വാസ്യത ഇല്ലാതാക്കുകയും രശീതികൾ ദുരുപയോഗം ചെയ്യാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യുന്നു.

4. ശ്രീമതി. ഇ.വി. ഷെറിൻ, യു.ഡി.സി ക്ക് 8/2016 ലെ ഓഫീസ് കലക്ഷൻ സ്വീകരിക്കുന്നതിനായി നല്കിയ 37 -ാം നമ്പർ രശീതി ബുക്കിലെ 3603, 3604, 3606, 3607 നമ്പർ രശീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

5. രശീതിപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 23.3.2016, 26.3.2016, 18.7.2016 എന്നീ തീയതികളിലായി ലഭിച്ച 50 രശീതിപുസ്തകങ്ങൾ ( 10 + 20 + 20 ) വരവ് ചേർത്ത് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രശീതിപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും യഥാർത്ഥ നീക്കിയിരിപ്പും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

20.1.2017 ന് സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് - 21 എണ്ണം

20.1.2017നുള്ള യഥാർത്ഥ നീക്കിയിരിപ്പ് - 41 എണ്ണം

6. ഓഡിറ്റ് കാലയളവിൽ നിരവധി ദിവസങ്ങളിൽ ഔട്ട്ഡോർ കലക്ഷൻ സ്റ്റാഫായി പ്രവർത്തിച്ച അതേ ജീവനക്കാരൻ തന്നെ അന്നേ ദിവസം ഓഫീസ് കൗണ്ടർ കലക്ഷൻ സ്റ്റാഫായും പ്രവർത്തിച്ചതായി കാണുന്നു. ( ഔട്ട്ഡോർ കലക്ഷൻ ഡ്യൂട്ടി + കൗണ്ടർ 1 - ക്യാഷ് കലക്ഷൻ ഡ്യൂട്ടി ) ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തീയതി | ജീവനക്കാരന്റെ പേര്, തസ്തിക |
|---|---|---|

| | | |
|---|---|---|
| 1 | 23.3.2016 | ശ്രീ. കെ.എം. അനീഷ് മോൻ, എൽ.ഡി.സി |
| 2 | 31.3.2016 | ശ്രീ. കെ.എം. അനീഷ് മോൻ, എൽ.ഡി.സി |
| 3 | 3.3.2016 | ശ്രീമതി. പി. ഷിജൂല, യു.ഡി.സി |
| 4 | 26.3.2016 | ശ്രീമതി. പി. ഷിജൂല, യു.ഡി.സി |

ഒരേ ദിവസം ഒരേ ജീവനക്കാരന് രണ്ട് ഡ്യൂട്ടി വരുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

7. ഔട്ട്ഡോർ കലക്ഷൻ ജീവനക്കാർ പിരിച്ചെടുക്കുന്ന തുക യാതൊരു പരിശോധനയും കൂടാതെ അവർ തന്നെ കൗണ്ടറിൽ കലക്ഷൻ രേഖപ്പെടുത്തുന്ന രീതിയാണ് നിലനിന്നിരുന്നത്. കൗണ്ടർ കലക്ഷന് മറ്റ് ജീവനക്കാരെ നിയോഗിച്ച ദിവസങ്ങളിലും ഓഫീസിൽ നിന്നും യാതൊരു പരിശോധനയും നടത്താതെയാണ് ഔട്ട്ഡോർ കലക്ഷൻ തുക ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ സ്വീകരിച്ചത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## **2-4** വസ്തുനികുതി - നികുതി നിരക്കുകൾ റിവൈസ് ചെയ്തില്ല

സ.ഉ നം.152/2015/തസ്വഭവ തീ. 30.04.2015 പ്രകാരം 2015 നവംബർ 1 മുതൽ കൊടുവള്ളി ഗ്രാമപഞ്ചായത്തിനെ നഗരസഭയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 26.07.2016 ലെ 110/2016 നം തീരുമാന പ്രകാരം വസ്തു നികുതി കരട് വിജ്ഞാപനം അംഗീകരിച്ചെങ്കിലും 10.01.2017 ലാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഓഡിറ്റ് തീയതി വരെയും വസ്തുനികുതി നിരക്കുകൾ മുൻസിപ്പാലിറ്റിയ്ക്ക് ബാധകമായ നിരക്കിൽ പുതുക്കി നിർണ്ണയിച്ചിട്ടില്ല . ആയതിന് വിശദീകരണം നൽകേണ്ടതും, വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തതും മറ്റപാകതകളും-പഞ്ചായത്തിന് നഷ്ടം

ഓഡിറ്റ് വർഷം റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ റോഡുകളിൽ വ്യാപകമായി കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതായി കാണുന്നു.റോഡുകളെ നാഷണൽ ഹൈവേ,സ്റ്റേറ്റ് ഹൈവേ,മേജർ ജില്ലറോഡുകൾ,മറ്റ് ജില്ലറോഡുകൾ,ഗ്രാമീണറോഡുകൾ എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അധികച്ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കി യതായി ഐ.ആർ.സി.സ്പെസി ഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്.സ്റ്റേറ്റ് ഹൈവേകളിൽ വളവുകളിൽ ഡിപ്(dip)വരുന്ന ഇടങ്ങളിലും ബസ്സ്റ്റേഷനുകൾക്കടുത്തും മാർക്കറ്റിന്റെ ഭാഗങ്ങളിലും വേണമെങ്കിൽ കോൺക്രീറ്റ് ചെയ്യാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്. കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion) ആവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്താനും നിഷ്കർഷിക്കുന്നുണ്ട്.മേൽപറഞ്ഞവയല്ലാതെ സ്റ്റേറ്റ് റോഡുകളിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്യേണ്ടതെന്ന് ഐ.ആർ.സി.യിൽ പ്രതിപാദിച്ചിട്ടുണ്ട്.സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് പഞ്ചായത്തിലെ ഗ്രാമീണ റോഡുകളിൽ ചെയ്തിട്ടുള്ളത്. ഐ.ആർ.സി.58,ഐ.ഐർ.സി.15-2011 എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെസിഫിക്കേഷനുകൾ.ഇവയൊന്നും ഗ്രാമീണറോഡുകൾക്ക് ബാധകമല്ല.മാത്രമല്ല ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം ട്രാഫിക്കിന്റെ ആധിക്യം മൂലമുള്ള ലംബദിശയിലുള്ള ലോഡാണ് റോഡിന്റെ ഉപരിതലത്തിന്റെ തരം

തെരഞ്ഞെടുക്കുന്നതി ന്റെ മാനദണ്ഡം.അത് കൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. പഞ്ചായ ത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്. ഉറവയെടുക്കുന്നതിന് പരിഹാരമായി കോൺക്രീറ്റ് ചെയ്യാമെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പരാമർശിച്ചിട്ടില്ല.സബ് ഗ്രേഡ് ബലപ്പെട്ട ത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ 305നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്.വെള്ളക്കെട്ടുള്ള ഭാഗങ്ങളിലും വെള്ള പൊക്കമുള്ള പ്രദേശങ്ങളിലും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് IRC34ൽ വ്യക്തമാക്കിയിട്ടുണ്ട്.

വാഹനബാഹുല്യം കുറഞ്ഞ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് IRC:SP:62-2014ലാണ് വിവരിക്കുന്നത്.വാഹനങ്ങളുടെ എണ്ണമനുസരിച്ചാണ് ഏത് തരത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് വേണ്ടതെന്ന് നിശ്ചയിക്കുന്നത്.കോൺക്രീറ്റ് ചെയ്യുന്നതിന് മുമ്പ് സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനാണ് കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത്.

ക്വാറിമക്കിട്ടതിന് ശേഷം 1:2:4അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് പഞ്ചായത്തിലെ റോഡുകളിൽ നടത്തിയത്.ഇത് ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമാണെന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.(ചീഫ് എഞ്ചിനിയറുടെ 16.10.2012ലെ ഡിബി4-7462/2012തസ്വഭവ നം.കത്ത്)..കൂടാതെ നിർമ്മാണച്ചെലവും റോഡിന്റെ പ്രാധാന്യവും വാഹനങ്ങളുടെ ബാഹുല്യവും പരിഗണിച്ചാവണം കോൺക്രീറ്റ് പ്രവൃത്തി ചെയ്യേണ്ടതെന്നും സബ് ഗ്രേഡിന് ആവശ്യമായ ഉറപ്പ് വരുത്തിയതിന് ശേഷമേ പ്രവത്തി ചെയ്യാവൂ എന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മറ്റ് വ്യവസ്ഥകൾ പാലിച്ച് നടപ്പാതകളിൽ 40എംഎം മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5cm കനത്തിലു മാണ് ചെയ്യേണ്ടതെന്ന് ചീഫ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട് (ഡിബി4- 9099/2015/സിഇ/തസ്വഭവ. തീ.28.09.15 കത്ത്കാണുക). വാഹനങ്ങളുടെ ബാഹുല്യവും സബ് ഗ്രേഡിന്റെ ഉറപ്പും പരിഗണിച്ച് റോഡുകളിൽ 40എംഎം മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10മുതൽ15cmവരെയുള്ള കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5മുതൽ 7.5cmവരെയുള്ള കനത്തിലുമാണ് ചെയ്യേണ്ട തെന്ന് പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.വാഹനങ്ങളുടെ ബാഹുല്യമുണ്ടെന്ന് കാണിക്കുന്ന സർവ്വെ റിപ്പോർ ട്ടോ മറ്റെന്തെങ്കിലും രേഖകളോ ഇല്ലാതെയാണ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്.കോൺക്രീറ്റ് പ്രവൃത്തികൾ അധികകനത്തിൽ ചെയ്തത് കാരണം പഞ്ചായത്തിന് അധികച്ചെലവ് വന്നിട്ടുണ്ട്.

40എംഎം മെറ്റലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് ഡിഎസ്ആർ(DSR)കോഡ് നം.4.1.4 ലെ നിരക്ക് യഥാക്രമം 6247/m3, 6406.94m3 (കോസ്റ്റ് ഇൻഡക്സ് 1.3143 & 1.381 എന്നിവ ഉൾപ്പടെ) എന്നിവ എടുക്കേണ്ടതിന് പകരം 11.7ലെ നിരക്ക് 6582.02/m3, 6916.05m3 എന്നിവ കണക്കാക്കിയത് കാരണം അധികച്ചെലവ് വന്നിട്ടുണ്ട്. ശരിയായ നിരക്ക് ഉൾപ്പെടുത്തിയാണ് നഷ്ടം കണക്കാക്കിയത്. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിവരം | ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ കനവും നൽകിയ തുകയും | നൽകാവുന്ന കനവും തുകയും | അധികം നൽകിയത് |
|---|---|---|---|---|
| 1 | പ്രൊജക്ട് - S097/16, ചുള്ളിയാട്ട് മുക്ക് താഴെ പൊയിൽ കടവ് റോഡ്<br>എംബുക്ക്- 122/15-16<br>ചെലവ്- 50000രൂപ, | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>78.3m2x0.1 =7.8m3 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 78m2x0.075 =5.85m3<br>5.85x6247/ m3 = 36545രൂപ | 14795രൂപ |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 200/19.3.16<br>വികസനഫണ്ട്(ജനറൽ)<br>കൺവീനർ - ടി.പി.അസ്സൻ<br>സാങ്കേതികാനുമതി- kdy/kdly/38/15-16 dt 4.7.15 | 7.8x6582.02/m3 = 51339.76രൂപ =51340 | | | |
| 2 | പ്രൊജക്ട് - 52/16, നരുമാന്തിക്കടവ് റോഡ്<br>എംബുക്ക്- 121/15-16<br>ചെലവ്- 150000രൂപ, ബിൽ നം. 198/19.3.16 സംരക്ഷണഗ്രാന്റ്(റോഡ്) കൺവീനർ - യൂനസ്.കെ<br>സാങ്കേതികാനുമതി- kdy/RB/24/15-16 dt 4.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>113.4m2x0.1 =11.34m3<br>11.34x6582.02/m3 = 74640.11രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 113.4m2x0.075 =8.51m3<br>8.51x6247/ m3 = 53161.97രൂപ =53162 | 21478രൂപ |
| 3 | പ്രൊജക്ട് - 485/16, പേനംകുന്നത്ത് റോഡ്<br>എംബുക്ക്- 170/15-16<br>ചെലവ്- 200000രൂപ, ബിൽ നം.277/30.3.16 വികസനഫണ്ട്(ജനറൽ)<br>-200000രൂപ, ബിൽ നം.279/30.3.16 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - അബ്ദുൾ നാസിർ<br>സാങ്കേതികാനുമതി- kdy/kdly/205/15-16 dt 25.2.16 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>309.1m2x0.1 =30.91m3<br>30.91x6916.05/m3 = 213775.1രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>309.1m2x0.075 =23.18m3<br>23.18x6406.94/ m3 = 148512.87രൂപ | 65262രൂപ |
| 4 | പ്രൊജക്ട് - 72/16, പ്രാവിൽ പേനംകുന്നത്ത് റോഡ്<br>എംബുക്ക്- 145/15-16<br>ചെലവ്- 100000രൂപ, ബിൽ നം. 249/19.3.16 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - കെ.സി.മുഹമ്മദ് കോയ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>162m2x0.1 =16.2m3<br>16.2x6582.02/m3 = 106628.72രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 162m2x0.075 =12.15m3<br>12.15x6247/ m3 = 75901.05രൂപ | 30728രൂപ |

| | | | | |
|---|---|---|---|---|
| | സാങ്കേതികാനുമതി- kdy/kdly/140/15-16 dt 28.7.15 | | | |
| 5 | പ്രൊജക്റ്റ് - 89/16, തവളാംകുഴി കല്ലിട്ടുക്ക് റോഡ്<br>എംബുക്ക്- 17/15-16<br>ചെലവ്- 300000രൂപ, ബിൽ നം.160/31.3.16 സംരക്ഷണഗ്രാന്റ്(റോഡ്) കൺവീനർ - അബ്ദുൾ ലത്തീഫ്.കെ<br>സാങ്കേതികാനുമതി- kdy/kdly/149/15-16 dt 26.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>295.4m2x0.1 =29.54m3<br>29.54x6916.05/m3 = 204300.12രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>295.4m2x0.075 =22.16m3<br>22.16x6406.94/ m3 = 141977.79രൂപ | 62322രൂപ |
| 6 | പ്രൊജക്റ്റ് - 257/16, തെക്കിനിയേടത്ത് അമ്പലം റോഡ്<br>എംബുക്ക്- 150/15-16<br>ചെലവ്- 300000രൂപ,<br>ചെക്ക് നം.1577819/4.3.16 തനത് ഫണ്ട് കൺവീനർ - അബ്ദുൾ റസാഖ്.പി.പി<br>സാങ്കേതികാനുമതി- kdy/kdly/156/15-16 dt 26.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>211.4m2x0.1 =21.14m3<br>21.14x6916.05/m3 = 146205.29രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>211.4m2x0.075 =15.86m3<br>15.86x6406.94/ m3 = 101614.07രൂപ | 44591രൂപ |
| 7 | പ്രൊജക്റ്റ് - 101/16, കപ്പലാംകുഴി കെട്ടിന്റെ അകായിൽ റോഡ്<br>എംബുക്ക്- 130/15-16<br>ചെലവ്- 297536രൂപ, ബിൽ നം.221/19.3.16 സംരക്ഷണഗ്രാന്റ്(റോഡ്) കൺവീനർ - കെ.കെ.മൂസ<br>സാങ്കേതികാനുമതി- kdy/kdly/182/15-16 dt 28.9.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>229.5m2x0.1 =22.95m3<br>22.95x6916.05/m3 = 158723.35രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>229.5m2x0.075 =17.21m3<br>17.21x6406.94/ m3 = 110263.44രൂപ | 48460രൂപ |

| | | | | |
|---|---|---|---|---|
| 8 | പ്രൊജക്റ്റ് - 430/16, കുഴിയിൽ കണ്ടം റോഡ്<br>എംബുക്ക്- 110/15-16<br>ചെലവ്- 134497രൂപ,<br>ചെക്ക് നം.039272/30.12.15 തനത് ഫണ്ട് കൺവീനർ - എം.അബൂബക്കർ<br>സാങ്കേതികാനുമതി- kdy/kdly/160/15-16 dt 26.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>104.4m2x0.1 =10.44m3<br>10.44x6916.05/m3 = 72203.56രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>104.4m2x0.075 =7.83m3<br>7.83x6406.94/ m3 = 50166.34രൂപ | 22037രൂപ |
| 9 | പ്രൊജക്റ്റ് - 70/16, മുഴക്കാംപറമ്പ് റോഡ്<br>എംബുക്ക്- 120/15-16<br>ചെലവ്- 300000രൂപ, ബിൽ നം. 197/19.3.16 സംരക്ഷണഗ്രാന്റ്(റോഡ്) കൺവീനർ - എ.അബ്ദുള്ള<br>സാങ്കേതികാനുമതി- kdy/RB/29/15-16 dt 4.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>335.4m2x0.1 =33.54m3<br>33.54x6582.02/m3 = 220760.95രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 335.4m2x0.075 =25.16m3<br>25.16x6247/ m3 = 157174.52രൂപ | 63586രൂപ |
| 10 | പ്രൊജക്റ്റ് - 421/16, കപ്പലാംകുഴി ജൂബിലി കോളനി റോഡ്<br>എംബുക്ക്- 127/15-16<br>ചെലവ്- 50000രൂപ, ബിൽ നം.210/30.3.16 വികസനഫണ്ട്(ജനറൽ) കൺവീനർ - ഷാജി.പി.കെ<br>സാങ്കേതികാനുമതി- kdy/kdly/174/15-16 dt 19.9.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>187.1m2x0.1 =18.71m3<br>18.71x6916.05/m3 = 129399.3രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>187.1m2x0.075 =14.03m3<br>14.03x6406.94/ m3 = 89889.37രൂപ | 39510രൂപ |
| 11 | പ്രൊജക്റ്റ് - 30/16, സൗത്ത് കൊട്ടവള്ളി ആച്ചപൊയിൽ റോഡ്<br>എംബുക്ക്- 44/15-16<br>ചെലവ്- 200000രൂപ, | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>248m2x0.1 =24.8m3<br>24.8x6582.02/m3 = | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 248m2x0.075 =18.6m3<br>18.6 x 6247/ m3 = 116194.2രൂപ | 47040രൂപ |

| | | | | |
|---|---|---|---|---|
| | ബിൽ നം. 113/3.3.16 സംരക്ഷണഗ്രാന്റ്(റോഡ്) കൺവീനർ - സത്യൻ.എ.പി<br>സാങ്കേതികാനുമതി- kdy/RB/10/15-16 dt 12.6.15 | 163234.10രൂപ | | |
| 12 | പ്രൊജക്ട് - 279/16, മുതുകുട്ടികയിൽ ഫുട്പാത്ത്<br>എംബുക്ക്- 96/15-16<br>ചെലവ്- 68000രൂപ, ബിൽ നം.171/19.3.16 വികസനഫണ്ട്(ജനറൽ)<br>-44000രൂപ, ബിൽ നം.172/19.3.16 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - മുഹമ്മദ്.പി<br>സാങ്കേതികാനുമതി- kdy/kdly/127/15-16 dt 16.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>162m2x0.1 =16.2m3<br>16.2x6582.02/m3 = 106628.72രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 162m2x0.05 =8.1m3<br>8.1 x 6247/ m3 = 50600.7രൂപ | 56028രൂപ |
| 13 | പ്രൊജക്ട് - 65/16, മഞ്ചപ്പടിക്കൽ ഒതയോത്ത് റോഡ്<br>എംബുക്ക്- 148/15-16<br>ചെലവ്- 150000രൂപ, ബിൽ നം.258/19.3.16 വികസനഫണ്ട്(ജനറൽ)<br>കൺവീനർ - പി.ഗഫൂർ<br>സാങ്കേതികാനുമതി- kdy/kdly/113/15-16 dt 14.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>229.7m2x0.1 =22.97m3<br>22.97x6582.02/m3 = 151188.99രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 229.7m2x0.075 =17.23m3<br>17.23 x 6247/ m3 = 107635.81രൂപ | 43553രൂപ |
| 14 | പ്രൊജക്ട് - 93/16, പൊൻപാറ മഖാം റോഡ്<br>എംബുക്ക്- 64/15-16<br>ചെലവ്- 200000രൂപ, ബിൽ നം.134/17.3.16<br>സംരക്ഷണഗ്രാന്റ്(റോഡ്)<br>-200000 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>324m2x0.1 =32.4m3<br>32.4x6582.02/m3 = 213257.45രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 324m2x0.075 =24.3m3<br>24.3 x 6247/ m3 = 151802.1രൂപ | 61455രൂപ |

| | | | | |
|---|---|---|---|---|
| | ചെക്ക് നം.1577810/26.2.16 തനത് ഫണ്ട്<br>കൺവീനർ - അബ്ദുസ്സമദ്<br>സാങ്കേതികാനുമതി- kdy/kdly/117/15-16 dt 16.7.15 | | | |
| 15 | പ്രൊജക്ട് - 63/16, പുനത്തിൽ ഫുട്പാത്ത്<br>എംബുക്ക്- 137/15-16<br>ചെലവ്- 50000രൂപ, ബിൽ നം.251/5.3.16 വികസനഫണ്ട്(ജനറൽ) കൺവീനർ - എം.ടി.മുഹമ്മദ്കോയ<br>സാങ്കേതികാനുമതി- kdy/kdly/133/15-16 dt 20.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>100m2x0.075 =7.5m3<br>7.5x6582.02/m3 = 49365രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 100m2x0.05 =5m3<br>5 x 6247/ m3 = 31235രൂപ | 18130രൂപ |
| 16 | പ്രൊജക്ട് - 39/16, ചുണ്ടപ്പുറം അംഗൻവാടി റോഡ്<br>എംബുക്ക്- 143/15-16<br>ചെലവ്- 200000രൂപ, ബിൽ നം.244/19.3.16<br>സംരക്ഷണഗ്രാന്റ്(റോഡ്)<br>കൺവീനർ - സി.നാസർ<br>സാങ്കേതികാനുമതി- kdy/RB/23/15-16 dt 4.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>162.5m2x0.1 =16.25m3<br>16.25x6582.02/m3 =106957.83രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 162.5m2x0.075 =12.19m3<br>12.19 x 6247/ m3 = 76150.93രൂപ | 30807രൂപ |
| 17 | പ്രൊജക്ട് - 119/16, മരുതിങ്ങൽ ആമ്യംപൊയിൽ മുക്കന്നംചാലിൽ റോഡ്<br>എംബുക്ക്- 103/15-16<br>ചെലവ്- 150000രൂപ, ബിൽ നം.181/19.3.16 ധനകാര്യകമ്മീഷൻ ഗ്രാന്റ് കൺവീനർ - മുഹമ്മദ്ബഷീർ<br>സാങ്കേതികാനുമതി- | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>208.6m2x0.1 =20.86m3<br>20.86x6582.02/m3 = 137300.94രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 208.6m2x0.075 =15.645m3<br>15.645 x 6247/ m3 = 97734.32രൂപ | 39567രൂപ |

| | | | | |
|---|---|---|---|---|
| | kdy/kdly/32/15-16 dt 4.7.15 | | | |
| 18 | പ്രൊജക്ട് - 38/16, താന്നിയോട് കണ്ണിപ്പൊയിൽ റോഡ്<br>എംബുക്ക്- 98/15-16<br>ചെലവ്- 50000രൂപ, ബിൽ നം.168/31.3.16<br>സംരക്ഷണഗ്രാന്റ്(റോഡ്) -100000<br>ചെക്ക് നം.1577823/18.3.16 തനത് ഫണ്ട്<br>കൺവീനർ - ആലിക്കുട്ടി<br>സാങ്കേതികാനുമതി- kdy/RB/22/15-16 dt 4.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>123m2x0.1 =12.3m3<br>12.3x6582.02/m3 = 80958.85രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 123m2x0.075 =9.23m3<br>9.23 x 6247/ m3 = 57659.81രൂപ | 23299രൂപ |
| 19 | പ്രൊജക്ട് - 235/16, വാരിക്കുഴിത്താഴം ഒതയോത്ത് റോഡ്<br>എംബുക്ക്- 149/15-16<br>ചെലവ്- 200000രൂപ, ബിൽ നം.260/19.3.16<br>സംരക്ഷണഗ്രാന്റ്(റോഡ്)<br>കൺവീനർ - വി.കെ.സുധീർകുമാർ<br>സാങ്കേതികാനുമതി- kdy/kdly/59/15-16 dt 7.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>272.5m2x0.1 =27.25m3<br>27.25x6582.02/m3 = 179360രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 272.5m2x0.075 =20.44m3<br>20.44 x 6247/ m3 = 127688.68രൂപ | 51671രൂപ |
| 20 | പ്രൊജക്ട് - 159/16, പട്ടിണിക്കര പാത്ത് വെ<br>എംബുക്ക്- 132/15-16<br>ചെലവ്- 100000രൂപ,<br>ബിൽ നം.247/19.3.16<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - ആലിക്കുട്ടി പുറായിൽ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>103.46m2x0.075 =7.76m3<br>7.76x6916.05/m3 = 53668.55രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>103.46m2x0.05 =5.17m3<br>5.17x6406.94/ m3 = 33123.88രൂപ | 20545രൂപ |

| | | | | |
|---|---|---|---|---|
| | സാങ്കേതികാനുമതി-kdy/kdly/181/15-16 dt 28.9.15 | | | |
| 21 | പ്രൊജക്റ്റ് - 403/16, പാലക്കുറ്റി പുല്ലോറമ്മൽ റോഡ്<br>എംബുക്ക്- 104/15-16<br>ചെലവ്- 200000രൂപ, ബിൽ നം.208/1.3.16<br>വികസനഫണ്ട് (ജനറൽ)<br>കൺവീനർ - പി.മുഹമ്മദ്<br>സാങ്കേതികാനുമതി-kdy/kdly/159/15-16 dt 26.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>234m2x0.1 =23.4m3<br>23.4x6916.05/m3 = 161835.57രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 234m2x0.075 =17.55<br>17.55x6406.94/ m3 = 112441.79രൂപ | 49394രൂപ |
| 22 | പ്രൊജക്റ്റ് - 240/16, വടക്കേ തൊട്ടുക ഇടവഴി<br>എംബുക്ക്- 86/15-16<br>ചെലവ്- 150000രൂപ, ചെക്ക് നം.1577821/9.3.16 തനത് ഫണ്ട്<br>കൺവീനർ - സിദ്ദിഖ്.കെ<br>സാങ്കേതികാനുമതി-kdy/kdly/82/15-16 dt 10.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>159.46m2x0.075 =11.96m3<br>11.96x6582.02/m3 = 78720.96രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 159.46m2x0.05 =7.97m3<br>7.97 x 6247/ m3 = 49788.59രൂപ | 28932രൂപ |
| 23 | പ്രൊജക്റ്റ് - 47/16, മാവുള്ളകണ്ടി പാത്ത് വെ<br>എംബുക്ക്- 97/15-16<br>ചെലവ്- 88839രൂപ, ബിൽ നം.164/19.3.16<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>-97174 ചെക്ക് നം.039273/30.12.15 തനത് ഫണ്ട്<br>കൺവീനർ - പി.കെ.സലീം<br>സാങ്കേതികാനുമതി-kdy/kdly/128/15-16 dt | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>231.6m2x0.1 =23.16m3<br>23.16x6582.02/m3 = 152439.58രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 231.6m2x0.05 =11.58m3<br>11.58x 6247/ m3 = 72340.26രൂപ | 80099രൂപ |

| | | | | |
|---|---|---|---|---|
| | 16.7.15 | | | |
| 24 | പ്രൊജക്റ്റ് - 432/16, അടിമാറിക്കര പുറായിൽ റോഡ്<br>എംബുക്ക്- 80/15-16<br>ചെലവ്- 100000രൂപ, ബിൽ നം.164/19.3.16<br>വികസനഫണ്ട്(ജനറൽ)<br>കൺവീനർ - മജീദ് മൂത്താംവീട്ടിൽ<br>സാങ്കേതികാനുമതി- kdy/kdly/185/15-16 dt 28.9.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>295.21m2x0.1 =29.521m3<br>29.521x6916.05/m3 = 204168.71രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>295.21m2x0.075 =22.14m3<br>22.14x6406.94/ m3 = 141849.65രൂപ | 62319രൂപ |
| 25 | പ്രൊജക്റ്റ് - 138/16, എടക്കറുങ്ങോട്ട് കുറുങ്ങോട്ട് റോഡ്<br>എംബുക്ക്- 78/15-16<br>ചെലവ്- 100000രൂപ, ബിൽ നം.185/19.3.16<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - മുഹമ്മദ് ബഷീർ.ടി<br>സാങ്കേതികാനുമതി- kdy/kdly/148/15-16 dt 26.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>349.5m2x0.1 =34.95m3<br>34.95x6916.05/m3 = 241715.95രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>349.5m2x0.075 =26.21m3<br>26.21x6406.94/ m3 = 167925.89രൂപ | 73790രൂപ |
| 26 | പ്രൊജക്റ്റ് - 408/16, കതിരോട് പാടച്ചേരിച്ചാലിൽ റോഡ്<br>എംബുക്ക്- 108/15-16<br>ചെലവ്- 410996രൂപ, വികസനഫണ്ട് (എസ് സി പി)<br>കൺവീനർ - കെ.രാജൻ<br>സാങ്കേതികാനുമതി- kdy/kdly/57/15-16 dt 7.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>259.6m2x0.1 =25.96m3<br>25.96x6582.02/m3 = 170869.24രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 259.6m2x0.075 =19.47m3<br>19.47 x 6247/ m3 = 121629.09രൂപ | 49240രൂപ |
| 27 | പ്രൊജക്റ്റ് - 126/16, കാരാട്ട്പൊയിൽ | 1:2:4 അനുപാതത്തിൽ | 1:2:4 അനുപാതത്തിൽ സിമന്റ് | 59638രൂപ |

| | | | | |
|---|---|---|---|---|
| | പ്രാവിൽ റോഡ്<br>എംബുക്ക്- 84/15-16<br>ചെലവ്- 188000രൂപ, ബിൽ നം.140/1.3.16<br>സംരക്ഷണഗ്രാന്റ്(റോഡ്)<br>-200000<br>ചെക്ക് നം.1577809/26.2.16 തനത് ഫണ്ട്<br>കൺവീനർ -അബ്ദുൾ ഗഫൂർ<br>സാങ്കേതികാനുമതി- kdy/kdly/132/15-16 dt 20.7.15 | സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി -<br>314.5m2x0.1 =31.45m3<br>31.45x6582.02/m3 = 207004.53രൂപ | കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി - 314.5m2x0.075 =23.59m3<br>23.59 x 6247/ m3 = 147366.73രൂപ | |
| 28 | പ്രൊജക്ട് - 261/16, അരക്കമ്പ്രച്ചാലിൽ മയ്യോൻ പുറായിൽ റോഡ്<br>എംബുക്ക്- 193/15-16<br>ചെലവ്- 100000രൂപ, ബിൽ നം.316/31.3.16<br>വികസനഫണ്ട്(ജനറൽ)<br>കൺവീനർ - വിപിൻ.എം.പി<br>സാങ്കേതികാനുമതി- kdy/kdly/97/15-16 dt 14.715 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>223.9m2x0.1 =22.39m3<br>22.39x6916.05/m3 = 154850.36രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>223.9m2x0.075 =16.79m3<br>16.79x6406.94/ m3 = 107572.52രൂപ | 47278രൂപ |
| 29 | പ്രൊജക്ട് - 439/16, കല്ലിട്ടക്കിൽ അബു റോഡ്<br>എംബുക്ക്- 119/15-16<br>ചെലവ്- 50000രൂപ, ബിൽ നം.205/19.3.16<br>വികസനഫണ്ട്(ജനറൽ) -169779<br>ചെക്ക് നം.039274/30.12.15 തനത് ഫണ്ട്<br>കൺവീനർ - അൻവർ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>122.9m2x0.1+3.27m2x 0.075=15.56m3<br>15.56x6916.05/m3 = 107613.74രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>122.9m2x0.075+43.6m2x0.05 =11.4m3<br>11.4x6406.94/ m3 = 73039.11രൂപ | 34575രൂപ |

| | | | | |
|---|---|---|---|---|
| | സാദിഖ്.പി.സി<br>സാങ്കേതികാനുമതി-227000 | | | |
| 30 | പ്രൊജക്ട് - 68/16, വാവാട് സെന്റർ മൈലാഞ്ചിക്കര റോഡ്<br>എംബുക്ക്- 115/15-16<br>ചെലവ്- 150000രൂപ, ബിൽ നം.194/19.3.16<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - എം.കെ.ബി.മുഹമ്മദ്<br>സാങ്കേതികാനുമതി- kdy/kdly/95/15-16 dt 14.715 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>231m2x0.1 =23.1m3<br>23.1x6582.02/m3 = 152044.66രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>231m2x0.075 =17.33m3<br>17.33x6247/ m3 = 108260.51രൂപ | 43784രൂപ |
| | | | | 1333913 |

സാങ്കേതികപരിജ്ഞാനമുള്ള ഉദ്യോഗസ്ഥൻ ചീഫ് എഞ്ചിനിയറുടെ നിർദ്ദേശമുണ്ടായിട്ടും സ്പെസിഫിക്കേഷന് വിരുദ്ധമായുള്ള പ്രവൃത്തി പഞ്ചായത്തിലെ ഭൂരിഭാഗം പ്രവൃത്തികളിലും ചെയ്തതിനുള്ള കാരണം കണ്ടെത്താൻ വിശദമായ അന്വേഷണം നടത്തേണ്ടതും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അസിസ്റ്റന്റ് എഞ്ചിനിയർ ചെയ്ത എല്ലാ പ്രവൃത്തികളുടേയും ഗുണമേന്മ പരിശോധിക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)പോലുള്ള ഒരു സ്വതന്ത്ര ഏജൻസിയുടെ സഹായം തേടാനും ശുപാർശ ചെയ്യുന്നു. ഇത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. ചീഫ് എഞ്ചിനിയറുടെ നിർദ്ദേശങ്ങൾക്കും IRCസ്പെസിഫിക്കേഷനും വിരുദ്ധമായി ചെയ്ത പ്രവൃത്തിക്ക് ചെലവ് ചെയ്ത 1333913രൂപ നിരാകരിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ, സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും നഷ്ടതുക തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 റോഡിൽ കരിങ്കല്ല് പാകിയതിന്(Dry rubble paving)മുകളിൽ കോൺക്രീറ്റ് പ്രവൃത്തി -ഐആർസി സ്പെസിഫിക്കേഷന് വിരുദ്ധം

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച റോഡ് പ്രവൃത്തികളിൽ ഐ.ആർ.സി. സ്പെസിസിഫിക്കേഷനു വിരുദ്ധമായി സിമന്റില്ലാതെ കല്ല് കെട്ടിയതിന് (Rough Stone dry packing) മുകളിൽ 1:2:4 അനുപാതത്തിൽ 20 എം.എം. കനത്തിലുള്ള കരിങ്കല്ലുപയോഗിച്ചുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. സിമന്റില്ലാതെ യുള്ള കല്ലടിച്ച കെട്ടലിൽ വോയ്ഡ്സ് (voids) ഉണ്ടാകുമെന്നതിനാൽ വാഹനങ്ങൾ കയറി പോകുമ്പോൾ കോൺക്രീറ്റ് പൊട്ടാനുള്ള സാധ്യത കൂടുതലാണ്. ഇത്തരത്തിൽ ഐ.ആർ.സി. സ്പെസിഫിക്കേഷനു വിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് വിലക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (16.10.2012 ലെ ഡി.ബി. 4/7462/2012 ത.സ്വ.ഭ.വ കത്ത് കാണുക) പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിവരം | ചെയ്ത പ്രവൃത്തി | ആകെ |
|---|---|---|---|
| 1 | പ്രൊജക്റ്റ് - S0113/16, വയിലാങ്കര - എരഞ്ഞിക്കോത്ത് റോഡ്<br>എംബുക്ക്- 65/15-16<br>ചെലവ്- 100000രൂപ, ബിൽനം.130/5.3.16 സംരക്ഷണഗ്രാന്റ് (റോഡ്)<br>100000 രൂപ, ചെക്ക് നം.036822/26.10.15 തനത്ഫണ്ട് കൺവീനർ - കെ.സി.അബ്ദുറഹ്മാൻ<br>സാങ്കേതികാനുമതി- kdy/kdly/45/15-16 dt 4.7.15 | 1)നിലവിൽ കല്ല് പാകിയതിന് മുകളിൽ 20എംഎം കരിങ്കല്ലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തി- 25.82എം3@6582.02/എം3 = 166393.47രൂപ | 166393രൂപ |
| 2 | പ്രൊജക്റ്റ് - S082/16, പൂതർക്കുഴി- മഞ്ചപ്പാറ റോഡ്<br>എംബുക്ക്- 100/15-16<br>ചെലവ്- 100000രൂപ, ബിൽനം.177/5.3.16 സംരക്ഷണഗ്രാന്റ് (റോഡ്)<br>കൺവീനർ - മുഹമ്മദ് പൂതർക്കുഴി<br>സാങ്കേതികാനുമതി- kdy/RB/30/15-16 dt 4.7.15 | 1)നിലവിൽ കല്ല് പാകിയതിന് മുകളിൽ 20എംഎം കരിങ്കല്ലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തി- 10.883എം3@6582.02/എം3 = 71632.12രൂപ | 71632രൂപ |
| 3. | പ്രൊജക്റ്റ് - S0165/16, വാവാട് സ്കൂൾ പുൽക്കുഴി റോഡ്<br>എംബുക്ക്- 54/15-16<br>ചെലവ്- 350000രൂപ, ബിൽനം.153/1.3.16 സംരക്ഷണഗ്രാന്റ് (റോഡ്) കൺവീനർ - മുഹമ്മദ്.എം.കെ<br>സാങ്കേതികാനുമതി- kdy/kdly/58/15-16 dt 7.7.15 | 1)നിലവിൽ കല്ല് പാകിയതിന് മുകളിൽ 20എംഎം കരിങ്കല്ലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തി- 25.73എം3@6582.02/എം3 = 169355രൂപ | 169355രൂപ |
| 4. | പ്രൊജക്റ്റ് - S0125/16, കുട്ടിച്ചാത്തൻ റോഡ് | 1)നിലവിൽ കല്ല് പാകിയതിന് മുകളിൽ 20എംഎം | 42592രൂപ |

| | | | |
|---|---|---|---|
| | എംബുക്ക്- 105/15-16<br>ചെലവ്- 45148രൂപ, ബിൽനം.235/19.3.16 വികസനഫണ്ട്(ജനറൽ) കൺവീനർ - കെ.ടി.മുഹമ്മദ്<br>സാങ്കേതികാനുമതി- kdy/kdly/130/15-16 dt 16.7.15 | കരിങ്കല്ലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തി- 6.471എം3@6582.02/എം3 = 42592.25രൂപ | |
| 5. | പ്രൊജക്ട് - S0054/16, പാമ്പങ്ങൽ പുതുക്കിടി നടപ്പാത<br>എംബുക്ക്- 124/15-16<br>ചെലവ്- 50000രൂപ, ബിൽനം.215/19.3.16 വികസനഫണ്ട്(ജനറൽ)<br>തനത്ഫണ്ട്50000രൂപ നൽകിയിട്ടില്ല. കൺവീനർ - കെ.കെ.അബ്ദുൾ കരീം<br>സാങ്കേതികാനുമതി- kdy/kdly/107/15-16 dt 14.7.15 | 1)നിലവിൽ കല്ല് പാകിയതിന് മുകളിൽ 20എംഎം കരിങ്കല്ലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തി- 15എം3@6582.02/എം3 = 98730രൂപ 94340 രൂപയാക്കി ലിമിറ്റ് ചെയ്തു. | 94340 രൂപ |
| | | ആകെ | 544312രൂപ |

IRCസ്പെസിഫിക്കേഷന് വിരുദ്ധമായും ചീഫ് എഞ്ചിനിയറുടെ നിർദ്ദേശങ്ങൾ പാലിക്കാതെയുമുള്ള പ്രവൃത്തി അനുവദനീയമല്ലാത്തതിനാൽ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

## 3-3 റോഡിന്റെ ഉപരിതലത്തിൽ ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല

റോഡ് പ്രവൃത്തികളിൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല.ഗ്രാനുലാർ സബ് ബേസ്(granular subbase) ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്തിരിക്കണമെന്ന് ഐആർസി സ്പെസിഫിക്കേഷനിൽ പറയുന്നു. ക്വാറിമക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ചതിന് ആധികാരികതയില്ല. സബ് ഗ്രേഡ് ബലപ്പെടുത്താൻ ക്വാറിമക്ക് ഉപയോഗിക്കണമെങ്കിൽ സബ് ഗ്രേഡിന്റെ സിബിആർ (CBR-california bearing ratio)കുറവാണെന്ന് കാണിക്കുന്ന തിനുള്ള ടെസ്റ്റ് റിപ്പോർട്ടുകളും സാങ്കേതികവി ശദീകരണങ്ങളും ലഭ്യമാക്കണമെന്ന് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ സ്പഷ്ടീകരണ കത്തിലും വിശദമാക്കിയിട്ടുണ്ട് (26.9.2016 ലെ718974/Estt-D4/16/Fin നമ്പറിലുള്ള കത്ത് കാണുക). പഞ്ചായത്തിന് അധികച്ചെലവ് വരുന്ന മെറ്റീരിയൽ ഉപയോഗിക്കരുതെന്നും കത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

വിവിധപ്രവൃത്തികളിൽ മണ്ണിട്ട് ഉയർത്തുന്നതിന് പകരം ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത

ഇനവും അധികവിലയുള്ളതുമായ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ വിവരം | ക്വാറിമക്കിട്ട അളവും നൽകി യ തുകയും |
|---|---|---|
| 1 | പ്രൊജക്ട് - S078/16, വെണ്ണക്കാട് - കായക്കുന്ന് റോഡ്<br>എംബുക്ക്- 72/15-16<br>ചെലവ്- 300000രൂപ, ബിൽ നം. 96/1.3.16<br>കൺവീനർ - ബഷീർ സി.കെ<br>സാങ്കേതികാനുമതി-kdy/kdly/64/15-16 dt 7.7.15 | 26.10എം3@1224.53/എം3= 31960രൂപ |
| 2 | പ്രൊജക്ട് - 257/16, തെക്കിനിയേടത്ത് അമ്പലം റോഡ്<br>എംബുക്ക്- 150/15-16<br>ചെലവ്- 300000രൂപ, തനത് ഫണ്ട്<br>കൺവീനർ - അബ്ദുൾ റസാഖ്.പി.പി<br>സാങ്കേതികാനുമതി-kdy/kdly /156/15-16 dt 26.8.15 | 16.73എം3@1064.58/എം3= 17810രൂപ |
| 3 | പ്രൊജക്ട് - 430/16, കുഴിയിൽ കണ്ടം റോഡ്<br>എംബുക്ക്- 110/15-16<br>ചെലവ്- 134497രൂപ,<br>ചെക്ക് നം.039272/30.12.15 തനത് ഫണ്ട്<br>കൺവീനർ - എം.അബൂബക്കർ<br>സാങ്കേതികാനുമതി-kdy/kdly /160/15-16 dt 26.8.15 | 10.44എം3@1064.58/എം3 = 11114രൂപ |
| 4 | പ്രൊജക്ട് - 70/16, മുഴക്കാംപറമ്പ് റോഡ്<br>എംബുക്ക്- 120/15-16<br>ചെലവ്- 300000രൂപ, ബിൽ നം. 197/19.3.16 സംരക്ഷണഗ്രാന്റ്(റോഡ്)<br>കൺവീനർ - എ.അബ്ദുള്ള<br>സാങ്കേതികാനുമതി-kdy/RB/29/15-16 dt 4.7.15 | 10.44എം3@1064.81/എം3 = 35714രൂപ |

| | | |
|---|---|---|
| 5 | പ്രൊജക്ട് - 65/16, മഞ്ചപ്പടിക്കൽ ഒതയോത്ത് റോഡ്<br>എംബുക്ക്- 148/15-16<br>ചെലവ്- 150000രൂപ, ബിൽ നം.258/19.3.16 വികസനഫണ്ട്(ജനറൽ)<br>കൺവീനർ - പി.ഗഫൂർ<br>സാങ്കേതികാനുമതി-kdy/kdly /113/15-16 dt 14.7.15 | 20എം3@1064.81/എം3 = 21296രൂപ |
| 6 | പ്രൊജക്ട് - 119/16, മരുതിങ്ങൽ ആമ്യംപൊയിൽ മുക്കന്നംചാലിൽ റോഡ്<br>എംബുക്ക്- 103/15-16<br>ചെലവ്- 150000രൂപ, ബിൽ നം.181/19.3.16 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - മുഹമ്മദ്ബഷീർ<br>സാങ്കേതികാനുമതി-kdy/kdly/32/15-16 dt 4.7.15 | 14.40എം3@1064.81/എം3 = 15333രൂപ |
| 7 | പ്രൊജക്ട് - 126/16, കാരാട്ട്പൊയിൽ പ്രാവിൽ റോഡ്<br>എംബുക്ക്- 84/15-16<br>ചെലവ്- 188000രൂപ, ബിൽ നം.140/1.3.16<br>സംരക്ഷണഗ്രാന്റ്(റോഡ്)<br>-200000<br>ചെക്ക് നം.1577809/26.2.16 തനത് ഫണ്ട്<br>കൺവീനർ -അബ്ദുൾ ഗഫൂർ<br>സാങ്കേതികാനുമതി-kdy/kdly /132/15-16 dt 20.7.15 | 19എം3@1064.81/എം3 =20231രൂപ |
| 8 | പ്രൊജക്ട് - 68/16, വാവാട് സെന്റർ മൈലാഞ്ചിക്കര റോഡ്<br>എംബുക്ക്- 115/15-16<br>ചെലവ്- 150000രൂപ, ബിൽ നം.194/19.3.16 | 17.33എം3@1064.8 /എം3 =18453രൂപ |

| | | |
|---|---|---|
| | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കൺവീനർ - എം.കെ.ബി.മുഹമ്മദ്<br>സാങ്കേതികാനുമതി-kdy/kdly/95/15-16 dt 14.715 | |
| | ആകെ | 171911രൂപ |

ആധികാരികതയില്ലാതെയും ചീഫ് എഞ്ചിനിയർ നിർദ്ദേശിച്ച പരിശോധനകൾ നടത്താതെയും ക്വാറിമക്ക് ഉപയോഗിച്ചതിന് ചെലവായ171911രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-4 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ജൈവവളം വിതരണം ചെയ്തു

കൃഷി ഓഫീസർ നിർവ്വഹിച്ച തെങ്ങിന് ജൈവവളം വിതരണം ചെയ്യുന്ന പദ്ധതിയിൽ (പ്രോജക്ട് നം.S001/16.അടങ്കൽ-13,33,300;വികസനഫണ്ട്-9,99,975; ഗുണഭോക്തൃവിഹിതം-3,33,325) 777ഗുണഭോക്താക്കൾക്ക് കടലപ്പിണ്ണാക്കും കുമ്മായവും നൽകുന്നതിന് 8,35,996 രൂപ കൊടുവള്ളി സർവ്വീസ് കോപ്പറേറ്റിവ് ബാങ്കിന് നല്കിയിട്ടുണ്ട്(വൗച്ചർ നം.21500213/28.3.16). 75% സബ്സിഡിയാണ് ഗുണഭോക്താക്കൾക്ക് നല്കിയത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്കേ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ എന്നിരിക്കെ ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കിയതാ യി കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന്റെ വിവരം | നൽകിയ സബ്സിഡി |
|---|---|---|
| 1 | വാർഡ് 10.ജാബിർ.കെ.എം. കരീറ്റിപറമ്പിൽ മാനിപുരം | 1417രൂപ |
| 2 | വാർഡ് 10.അഹമ്മദ്കുട്ടി അരിപ്രംവീട്ടിൽ. മാനിപുരം | 1417രൂപ |
| 3 | വാർഡ് 10.മുനീർ പാഞ്ഞോല ത്ത് .മാനിപുരം | 708രൂപ |
| 4 | വാർഡ് 10.വിജയലക്ഷ്മി ചെമ്പറ്റമ്മൽ .മാനിപുരം | 1063രൂപ |
| 5 | വാർഡ് 10.ആയിഷ കൊടവച്ചാലിൽ. | 708രൂപ |
| 6 | വാർഡ്10.കോയക്കുട്ടി.പി. പാഞ്ഞോലത്ത് | 1417രൂപ |
| 7 | വാർഡ് 10.ഉസ്മാൻ അപ്പക്കാ ട്ടിൽ കൊടുവള്ളി | 1063രൂപ |
| 8 | വാർഡ് 10.ഫിറോസ്.കെ.ടി. കുറുപ്പങ്ങാത്തൊട്ടുകയിൽ മാനിപുരം | 1417രൂപ |
| 9 | വാർഡ് 12.സുരേഷ് ബാബു.പി. കെ. ഉജ്ജയിനി.കരുവൻപൊ യിൽ | 708രൂപ |
| 10 | വാർഡ്12.സാജിന.കെ.സി. നന്ദമാന്തിയിൽ.കരുവൻപൊ യിൽ | 1417രൂപ |
| 11 | വാർഡ് 12.ഷമീറ.വി.കെ.<br>വരുവിൻകാലയിൽ.വലിയപ റമ്പ് | 1417രൂപ |
| 12 | വാർഡ് 12.റിസ്വാൻ ആണിയം കണ്ടിയിൽ,കരുവൻ പൊയിൽ | 1417രൂപ |
| 13 | വാർഡ് 12.രവീന്ദ്രൻ മലയിൽ കരുവൻ പൊയിൽ | 1063രൂപ |
| 14 | വാർഡ് 12.ഇബ്രാഹിം ചെമ്പറ്റേരി,കരുവൻ പൊയിൽ | 1417രൂപ |

| | | |
|---|---|---|
| | ആകെ | 16649രൂപ |

ജി.ഒ.(എംഎസ്)362/2013തസ്വഭവ.തീയതി16.11.2013 പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് നിരക്ക് ജില്ലാതലകമ്മറ്റി നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ യൂണിറ്റ് നിരക്ക് നിശ്ചയിക്കാതെയാണ് ജൈവവളത്തിന് തുക നൽകിയത്.ഗ്രാമസഭ അംഗീകരിക്കാത്തവർക്ക് ആനുകൂല്യമായി നൽകിയ 16,649/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-5 വാട്ടർ അതോറിറ്റിക്ക് വാട്ടർചാർജ് അടയ്ക്കുന്നത്-സംയുക്തപരിശോധന നടത്തിയില്ല

നഗരസഭയുടെ തനത് ഫണ്ട് പരിശോധനയിൽ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർചാർജിനത്തിൽ 91000രൂപ പ്രതിമാസം കേരളവാട്ടർഅതോറിറ്റിക്ക് നല്കുന്നതായി കാണുന്നു.208 കുടിവെള്ളടാപ്പുകളുടെ ചാർജാണ് അടയ്ക്കുന്നത്.എന്നാൽ എത്ര കുടിവെള്ളടാപ്പുകളിൽ വെള്ളമുണ്ടെന്നോ എത്ര ടാപ്പുകൾ പ്രവർത്തിക്കുന്നില്ലെന്നോ അറിയാതെ വാട്ടർ അതോറിറ്റി നല്കുന്ന ബിൽ പ്രകാരം തുക അടവാക്കുക മാത്രമാണ് ചെയ്യുന്നത്.വാട്ടർചാർജ്ജ് അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | വൗച്ചർനം | തുക |
|---|---|---|
| 1 | 21500665/25.11.15 | 91000രൂപ |
| 2 | 21500804/30.12.15 | 91000രൂപ |
| 3 | 21500854/13.1.16 | 91000രൂപ |
| 4 | 21500028/29.2.16 | 91000രൂപ |
| | ആകെ | 3,64,000 |

വാട്ടർ അതോറിറ്റി അധികൃതരുമായി സംയുക്തപരിശോധന നടത്തി ലഭിക്കുന്ന കുടിവെള്ളത്തിന്റെ കൃത്യമായ അളവ് കണക്കാക്കി വാട്ടർചാർജ് അടവാക്കാത്തിനാൽ അധികതുക നൽകിയോ എന്ന് പരിശോധിക്കാൻ സാധ്യമല്ല.ആയതിനാൽ വാട്ടർചാർജ്ജിനത്തിലെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 നഗരസഭക്ക് വാഹനം വാങ്ങുന്ന പദ്ധതി-അപാകതകൾ

പ്രോജക്ട് നം-S0478/16

നിർവ്വഹണഉദ്യോഗസ്ഥൻ :സെക്രട്ടറി

അടങ്കൽ: 1300,000(ധനകാര്യകമ്മിഷൻ അവാർഡ്)

699212/29.3.16(11,17,589രൂപ)

699512/30.3.16(30303രൂപ)

പ്രോജക്ട് നം പ്രകാരം നഗരസഭക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിലേക്ക് 11,47,892രൂപ ടൊയോട്ട കിർലോസ്കർ കമ്പനിക്ക് നൽകിയിട്ടുണ്ട്.പദ്ധതിച്ചെലവിന്റെ

പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രൊക്യോർമെന്റ് മാന്വൽ പ്രകാരം(ജി.ഒ.(പി)259/2010/തസ്വഭവ.തീ 8.11.2010 )അഞ്ച് ലക്ഷം രൂപയിലധികം വരുന്ന വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കുമ്പോൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

2)കമ്പനിയുമായി നേരിട്ട് ബന്ധപ്പെടുകയല്ലാതെ ഡിജിഎസ്ഡി നിരക്കിൽ ലഭ്യമാക്കാൻ ശ്രമിച്ചതിന്റെ രേഖയൊന്നും ഫയലിൽ ഇല്ല.

3)മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതായും കാണുന്നില്ല.

4)ജി.ഒ.(ആർടി)2528/2012/തസ്വഭവ.തീയതി6.9.2012 പ്രകാരം വാഹനം വാങ്ങുന്നതിനുള്ള പരിധി 10ലക്ഷത്തിലധികം വന്നതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖയില്ല.അധികം ചെലവ് ചെയ്ത 1,47,892രൂപയ്ക്ക് അടിസ്ഥാനമാക്കിയ അനുമതിയുടെ അഭാവത്തിൽ തടസ്സം ചെയ്യുന്നു. ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-7 ക്ലീൻ കൊടുവള്ളി പദ്ധതി-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതി

പ്രോജക്ട് നം-S0231/16

നിർവ്വഹണഉദ്യോഗസ്ഥൻ :സെക്രട്ടറി

അടങ്കൽ: 500,000(തനത് ഫണ്ട്)

ചെലവ്:500,000

സെക്രട്ടറി നിർവ്വഹിച്ച ക്ലീൻ കൊടുവള്ളി പദ്ധതിയിൽ നഗരസഭ വൃത്തിയാ ക്കുന്നതിന് തൊഴിലാളികൾക്ക് കൂലി നൽകിയത് മാത്രമാണ് ചെലവ്. പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗ്ഗരേഖയിൽ(സ.ഉ.(എംഎസ് )നം.362/2013/തസ്വഭവ.തീയതി16.11.2013)അനുബ ന്ധം1ലെ 12ാം ഖണ്ഡിക പ്രകാരം മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് പൊതുമാലിന്യപ്ലാന്റു കൾക്ക് സ്ഥലം,മാലിന്യപ്ലാന്റുകൾ,മാലിന്യം കൊണ്ടുപോകുന്നതിനുള്ള വാഹനം വാങ്ങൽ,കുടുംബ ങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യസംസ്കരണപ്ലാന്റുകൾക്ക് ധനസഹായം നൽകൽ തുടങ്ങിയ വക്ക് മാത്രമാണ് പ്രോജക്ട് ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.ഇതിന് വിരുദ്ധമായി പഞ്ചായത്തിന്റെ ദൈനംദിന ചുമതലകളിൽപ്പെട്ട ആവർത്തനസ്വഭാവമുള്ള ചെലവുകളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്തത് .

മാർഗ്ഗരേഖപ്രകാരം പ്രോജക്ടായി ഉൾപ്പെടുത്താൻ പാടില്ലാത്ത പ്രവൃത്തി പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.5,00,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 അംഗീകാരമില്ലാത്ത തസ്തികകളിൽ നിയമനം നടത്തി ഫണ്ട് ചെലവ് ചെയ്തു

നഗരസഭയിൽ അംഗീകൃത തസ്തികകൾക്ക് പുറമെ നിയമനം നടത്തി ഫണ്ട് ചെലവ് ചെയ്യുന്നതായി കാണുന്നു. അംഗീകൃത തസ്തികകളുടെ വിവരം ഓഡിറ്റിന് സമർപ്പിച്ചത് താഴെ ചേർക്കുന്നു.

| ക്രമനം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 01 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 01 |
| 3 | ജൂനിയർ സൂപ്രണ്ട് | 01 |
| 4 | അക്കൗണ്ടന്റ് | 01 |
| 5 | സീനിയർ ക്ലാർക്ക് | 03 |
| 6 | ക്ലാർക്ക് | 05 |
| 7 | ഓഫീസ് അറ്റന്റന്റ് | 02 |
| 8 | ഫുൾടൈം സ്വീപ്പർ | 03 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 01 |

മേൽപറഞ്ഞ അംഗീകൃത തസ്തികകൾക്ക് പുറമെ അംഗീകാരമില്ലാത്ത ഡാറ്റഎൻട്രി

ഓപ്പറേറ്റർ(രണ്ട് തസ്തിക),ക്ലെറിക്കൽ അസിസ്റ്റന്റ്(അസിസ്റ്റന്റ് എഞ്ചിനിയർ),അറ്റന്റർ(ആയുർവേദ ഡിസ്പൻസറി), ഓവർസിയർ(തൊഴിലുറപ്പ് പദ്ധതി),ഡ്രൈവർ എന്നീ തസ്തികളിൽ നിയമനം നടത്തി ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം | തുക | അനധികൃതനിയമനം |
|---|---|---|---|
| 1 | 21500612/13.11.15 | 12,400രൂപ | സെയ്താലി,ഡാറ്റ എൻട്രി ഓപ്പറേറ്റർക്ക് 10/2015ലെ ദിവസവേതനം |
| 2 | 21500611/13.11.15 | 9200രൂപ | സംറ.ടി.പി,ക്ലറിക്കൽ അസ്സ്റ്റന്റിന് 10/2015ലെ ദിവസവേതനം |
| 3 | 21500626/16.11.15 | 9450രൂപ | റംല പൂതാർകുഴിയിൽ,അറ്റൻഡർക്ക് 10/2015ലെ ദിവസവേതനം |
| 4 | 21500613/13.11.15 | 13,950രൂപ | മൊയ്തീൻകോയ,ഡ്രൈവർക്ക് 10/2015ലെ ദിവസവേതനം |
| 5 | 21500703/3.12.15 | 9200രൂപ | സെയ്താലി,ഡാറ്റ എൻട്രി ഓപ്പറേറ്റർക്ക് 11/2015ലെ ദിവസവേതനം |
| 6 | 21500611/13.11.15 | 9200രൂപ | സംറ.ടി.പി,ക്ലറിക്കൽ അസ്സ്റ്റന്റിന് 10/2015ലെ ദിവസവേതനം |
| 7 | 21500713/3.12.15 | 8750രൂപ | റംല പൂതാർകുഴിയിൽ,അറ്റൻഡർക്ക് 11/2015ലെ ദിവസവേതനം |
| 8 | 21500711/3.12.15 | 12150രൂപ | മൊയ്തീൻകോയ,ഡ്രൈവർക്ക് 11/2015ലെ ദിവസവേതനം |
| 9 | 21500704/3.12.15 | 9200രൂപ | സംറ.ടി.പി,ക്ലറിക്കൽ അസ്സ്റ്റന്റിന് 11/2015ലെ ദിവസവേതനം |
| 10 | 21500713/3.12.15 | 8750രൂപ | റംല പൂതാർകുഴിയിൽ,അറ്റൻഡർക്ക് 11/2015ലെ ദിവസവേതനം |
| 11 | 21500808/1.1.16 | 13,050രൂപ | മൊയ്തീൻകോയ,ഡ്രൈവർക്ക് 12/2015ലെ ദിവസവേതനം |
| 12 | 21500809/1.1.16 | 9600രൂപ | സെയ്താലി,ഡാറ്റ എൻട്രി ഓപ്പറേറ്റർക്ക് 12/2015ലെ ദിവസവേതനം |
| 13 | 21500843/1.1.16 | 9600രൂപ | സംറ.ടി.പി,ക്ലറിക്കൽ അസ്സ്റ്റന്റിന് 12/2015ലെ ദിവസവേതനം |
| 14 | 21500848/7.1.16 | 9450രൂപ | റംല പൂതാർകുഴിയിൽ,അറ്റൻഡർക്ക് 12/2015ലെ ദിവസവേതനം |
| 15 | 21500926/5.2.16 | 9100രൂപ | റംല പൂതാർകുഴിയിൽ,അറ്റൻഡർക്ക് 1/2016ലെ ദിവസവേതനം |
| 16 | 21500891/1.2.16 | 13,500രൂപ | മൊയ്തീൻകോയ,ഡ്രൈവർക്ക് 1/2016ലെ ദിവസവേതനം |
| 17 | 21500892/1.2.16 | 9900രൂപ | സെയ്താലി,ഡാറ്റ എൻട്രി ഓപ്പറേറ്റർക്ക് 1/2016ലെ ദിവസവേതനം |
| 18 | 21500893/1.2.16 | 9200രൂപ | സംറ.ടി.പി,ക്ലറിക്കൽ അസ്സ്റ്റന്റിന് 1/2016ലെ ദിവസവേതനം |
| | ആകെ | 1,85,650രൂപ | |

അർഹമായ അനുമതിയുടെ പിൻബലമില്ലാതെയുള്ള നിയമനങ്ങൾ വഴി നൽകിയ തുക തടസ്സം ചെയ്യുന്നു.

## 3-9 സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ-അപാകതകൾ

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മൂന്ന് പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

1)പഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ പോഡിയം അനുബന്ധഉപകരണങ്ങൾ വാങ്ങൽ(തുടർപദ്ധ തി)

പ്രോജക്ട് നം S0298/16,അടങ്കൽ-200,000 (ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്) ,ഡിഡിനം.699396/ 31.3.16

(1,99,432രൂപ)

2)ഫ്രണ്ട് ഓഫീസ് ,പഞ്ചായത്ത് ഓഫീസ് വാട്ടർ പ്യൂരിഫയർ വാങ്ങൽ(തുടർപദ്ധതി)

പ്രോജക്റ്റ്നം.S0301/16,അടങ്കൽ-1,64,670 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) ,ഡിഡിനം.699365/ 31.3.16 (1,64,651രൂപ)

3)ഇൻഡോർ സ്റ്റേഡിയം സൗണ്ട് സിസ്റ്റം ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്,ഫർണ്ണിച്ചർ(തുടർപദ്ധതി)

പ്രോജക്റ്റ് നം S0302/16,അടങ്കൽ-175,000 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) ,ഡിഡിനം.699397/ 31.3.16 (1,75,000രൂപ)

മേൽപറഞ്ഞ മൂന്ന് പദ്ധതികളും 22.7.2015ന് ടെണ്ടർ ക്ഷണിക്കുകയും സിഡ്കോ ,കെഎസ്ഐഇ,പാൽ ട്രേഡിംഗ് കമ്പനി എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയതായും ഫയലിൽ കാണുന്നു.മൂന്ന് പദ്ധതികളിലേയും ടെണ്ടർ പാൽ ട്രേഡിംഗ് കമ്പനിക്ക് നൽകിയതായി കാണുന്നു.

പദ്ധതികളുടെ ചെലവ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു

എ)ഒരു പ്രാദേശികപത്രത്തിൽ മാത്രമാണ് പരസ്യം നൽകിയതായി കാണുന്നത്.5,39,670രൂപ അടങ്കലുള്ള പദ്ധതികൾക്ക് വ്യാപകമായ പരസ്യം നൽകാത്തതിന്റെ കാരണം വ്യക്തമല്ല.

ബി)ടെണ്ടറിൽ പങ്കെടുത്തവരുടെ വിവരം,നിരതദ്രവ്യം അടച്ചതിന്റെ വിവരം ടെണ്ടർ ലഭിക്കാത്തവർക്ക് നിരതദ്രവ്യം തിരിച്ചു നൽകിയതിന്റെ വിവരം എന്നിവയൊന്നും ഫയലിൽ ഇല്ല.

സി)തദ്ദേശഭരണസ്ഥാപനങ്ങളുടെ വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മറ്റിയാണ് ചെയ്യേണ്ടതെന്നിരിക്കെ കമ്മറ്റിയുടെ മിനുട്ട്സിൽ ചുമതല സെക്രട്ടറിയെ ഏൽപ്പിച്ചതായി രേഖപ്പെടുത്തുകയാണ് ചെയ്തത്.

സി)വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കാൻ പ്രാഗൽഭ്യമുള്ള ആരെയും വിനിയോഗിച്ചതിന്റെ രേഖകളില്ല.

ഡി)വാങ്ങിയ സാധനങ്ങളുടെ കാഷ്ബില്ലില്ല.

മേൽപറഞ്ഞ അപാകതകൾ കാരണം മൂന്ന് പദ്ധതികൾക്കായി ചെലവ് ചെയ്ത 5,39,670രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 തെരുവ് വിളക്കിന്റെ വൈദ്യുതിചാർജ്ജ്-വൈദ്യുതി ബോർഡുമായി സംയുക്തപരിശോധന നടത്തിയില്ല

ഓഡിറ്റ് വർഷം നഗരസഭയിലെ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് പ്രതിമാസം അടവാക്കുന്നുണ്ടെങ്കിലും ഓരോ തെരുവ് വിളക്കിന്റെ തരവും അവ എത്ര വൈദ്യുതി ഉപയോഗിക്കുന്നു എന്നുള്ളതിന്റേയും യഥാർത്ഥ വിവരവും ലഭ്യമാക്കാതെ വൈദ്യുതിബോർഡ് നൽകുന്ന ബില്ലനുസരിച്ചുള്ള തുക അടയ്ക്കുകയാണ് ചെയ്യുന്നത്. തെരുവ് വിളക്കിന്റെ വൈദ്യുതിചാർജ്ജ് അടച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം | തുക |
|---|---|---|
| 1 | 21500625/16.11.15 | 1,22,889രൂപ |
| 2 | 21500763/15.12.15 | 1,21,282രൂപ |
| 3 | 21500761/15.12.15 | 1576രൂപ |
| 4 | 21500851/13.1.16 | 1467രൂപ |
| 5 | 21500853/13.1.16 | 1,21,322രൂപ |
| 6 | 21500002/22.2.16 | 1,21,282 |
| 7 | 21500001/22.1.16 | 1100 |
| | ആകെ | 4,90,918രൂപ |

വൈദ്യുതിചാർജ്ജിനത്തിൽ അധികചാർജ്ജ് അടയ്ക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ വൈദ്യുതിബോർഡുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ യഥാർത്ഥ ഉപഭോഗം മനസ്സിലാക്കേണ്ടതുണ്ട്. ആയതിനാൽ വൈദ്യുതചാർ ജ്ജിനത്തിൽ അടച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-11 നഗരസഭയുടെ വാഹനസംരക്ഷണം തൃപ്തികരമല്ല

നഗരസഭയിലെ വാഹനവുമായി (KL57F9999)ബന്ധപ്പെട്ട ചെലവുകളും ലോഗ്ബുക്കും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി. 1)വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിച്ചുള്ള സാക്ഷ്യപത്രം ലഭ്യമാക്കി ലോഗ്ബുക്കിൽ പതിച്ചിട്ടില്ല. 2)വാഹനത്തിന്റെ ഫിറ്റനസ് സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. 3)വാഹനത്തിന് ഡീസൽ അടിച്ചതായും അറ്റകുറ്റപണികൾ ചെയ്തതായും കാണിച്ച് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം | തുക | ചെയ്ത പ്രവൃത്തി |
|---|---|---|---|
| 5 | 21500632/17.11.15 | 900രൂപ | ക്ലച്ച് റിപ്പയർ |
| 6 | 21500876/28.1.16 | 22448രൂപ | ഓഫീസ് വാഹനസർവീസിംഗ് |
| | ആകെ | 23,348രൂപ | |

ലോഗ്ബുക്കിൽ രേഖപ്പെടുത്താതെയുള്ള ചെലവുകൾ അംഗീകരിക്കുന്നില്ല. 23,348രൂപ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-12 നഗരസഭാകൗൺസിൽ യോഗങ്ങളുടെ മിനുട്ട്സ്-അപാകതകൾ

നഗരസഭാകൗൺസിലിന്റെ യോഗങ്ങളുടെ മിനുട്ട്സ് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)യോഗങ്ങളുടെ അജണ്ടരജിസ്റ്ററും യോഗമിനുട്ട്സുമല്ലാതെ കൗൺസിൽ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുന്ന തീരുമാനരജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)അജണ്ടനോട്ടീസ് നൽകാതെ കൗൺസിൽ യോഗങ്ങളിൽ വിഷയങ്ങൾ അവതരിപ്പിക്കുന്നതായി കാണുന്നു.ഉദാ:10.12.15ലെ യോഗത്തിൽ കേരളോത്സവം 2015ലെ മത്സരങ്ങൾ ജില്ലാതലമത്സര ങ്ങൾക്ക് മുൻപ് സമയബന്ധിതമായി നടത്താൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ വിഷയം അജണ്ടരജിസ്റ്ററിൽ ചേർത്തി കൗൺസിലർമാർക്ക് നോട്ടീസ് നൽകിയിട്ടില്ല.

3)അജണ്ടനോട്ടീസിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾക്ക് പുറമെ അജണ്ടയിൽ ഉൾപ്പെടാത്ത വിഷയങ്ങളും യോഗങ്ങളിൽ തീരുമാനമാക്കിയതായി കാണുന്നു.പ്രതിപക്ഷകൗൺസിലർമാർ യോഗം ബഹിഷ്ക്കരിച്ച യോഗങ്ങളിലാണ് അജണ്ടയിൽ ഉൾപ്പെടാത്ത വിഷയങ്ങളിൽ തീരുമാനമെടു ക്കുന്നതെന്നും കാണുന്നു.ഉദാ:അജണ്ടരജിസ്റ്ററിലെ 18.2.16ലെ നോട്ടീസ് പ്രകാരം 24.2.16ലെ യോഗത്തിൽ ഏഴ് വിഷയങ്ങളാണ് ഉൾപ്പെടുത്തിയത്.എന്നാൽ പ്രസ്തുത യോഗത്തിൽ ഏഴ് വിഷയ ങ്ങൾക്ക് പുറമെ മൂന്ന് വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി തീരുമാനമെടുത്തതായി കാണുന്നു.

4)കൗൺസിൽ തീരുമാനങ്ങളിൽ പലതിനും തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.ഉദാ: (എ)15/16/21.1.16ലെ തീരുമാനപ്രകാരം കമ്മങ്ങോട് മുതൽ വെണ്ണക്കാട് ത്തുക്ക്പാലം വരെ പുഴപുറമ്പോക്ക് സംരക്ഷിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.തുടർനടപടികളുടെ വിവരം ലഭ്യമല്ല. (ബി)16/16/21.1.16ലെ തീരുമാനം.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-13 മാർഗ്ഗരേഖക്കു വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം. എസ്. 0303/16 – അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു. പി. സ്കൂൾ

അടങ്കൽ - 1,14,200/- രൂപ ( വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ് - 56,663/- രൂപ (ബിൽ നം. 4/15-16 തീയതി. 26.3.16 – 55,103 /- രൂപ ),

(വൗച്ചർ നം. 21500559 തീയതി 19.10.15 - തനത് ഫണ്ട് - 1560/- രൂപ )

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയിൻകീഴിൽ താഴെപ്പറയുന്ന ഇനങ്ങളിലായി ആകെ 56,663 /- രൂപ 2015-16 വർഷം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | സ്വയംതൊഴിൽ പരിശീലനം | 9,770 |
| 2 | പഠനയാത്ര | 20,000 |
| 3 | പ്രചാരണം | 4,950 |
| 4 | പലവക | 3,900 |
| 5 | സ്റ്റേഷനറി | 1,933 |
| 6 | ഫോട്ടോ, ആൽബം | 9,950 |
| 7 | മോണിറ്ററിംഗ് | 4,600 |
| 8 | ലഘു ഭക്ഷണം | 1,560 |
| | ആകെ | 56,663 |

പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ( ജി. ഒ. ( എം. എസ് ) 362/2013/ത.സ്വ.ഭ.വ , തീയതി 16.11.2013 ) ഖണ്ഡിക 7.7 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പടെ നിരവധി പരിപാടികൾ എസ്. എസ്. എ നടപ്പിലാക്കി വരുന്നുണ്ട്. അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്. എസ്. എ പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൻ കീഴിൽ സാക്ഷരതാ / തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി വിവിധ ക്ളാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നല്കുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടയ്ക്കേണ്ട ഫീസും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

ഈ പ്രോജക്റ്റ് പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ മാർഗ്ഗരേഖയുടെ പരിധിക്കുള്ളിൽ വരുന്നവയല്ല. ആയതിനാൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് നടപ്പിലാക്കിയ ഈ പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററിൽ നിന്നും പ്രോജക്റ്റിന് അംഗീകാരം നല്കിയ അസിസ്റ്റന്റ് എജ്യുക്കേഷണൽ ഓഫീസറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-14** <u>ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്നിന് തുക ചെലവഴിച്ചത് -മരുന്ന് ലഭിച്ചില്ല</u>

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായ പദ്ധതിയിൽ (S0219/16)മരുന്നുകൾക്കായി 2ലക്ഷം രൂപ കേരളസംസ്ഥാന ഹോമിയോപ്പതിക് കോപ്പറേറ്റിവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്(ഡിഡിനം.699199/28.3.16).കൊടുവള്ളി ഹോമിയോഡിസ്പൻസറി ക്കും വാവാട് ഹോമിയോ ഡിസ്പൻസറിക്കും മരുന്നുകൾ ലഭ്യമാക്കാനാണ് തുക നൽകിയത്.എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. തുക മുൻകൂറായി നൽകുമ്പോൾ സ്ഥാപനവുമായി കരാറിലേർപ്പെടേ ണ്ടതായിരുന്നു.എന്നാൽ കരാറിലേർപ്പെടാത്തതിനാൽ സ്ഥാപനത്തിനെതിരെ എന്തെങ്കിലും നടപടിയെടുക്കാനും സാധ്യമല്ല.

സ്ഥാപനത്തിന് മരുന്നുകൾ ലഭ്യമാക്കാൻ നൽകിയ ഇൻഡന്റും സ്ഥാപനം നല്കിയ ഇൻവോയ്സും പരിശോധിച്ചതിൽ ആവശ്യപ്പെടാത്ത മരുന്നുകളും ആവശ്യപ്പെട്ടതിലും അധികമളവിലും മരുന്നുകൾ ഇൻവോയ്സിൽ ഉൾപ്പെട്ടതായി കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യമാണ്.

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## **4-1** <u>സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 100000/-രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | കരുണാകരൻ | കരിവില്ലിക്കാവ് നവീകരണം | 21500056 തീ. 05.03.2016 | 100000/- | - | 1,00,000 |

## 4-4 വായ്പ/വായ്പതിരിച്ചടവ്

| വായ്പയുടെ പേര് സർക്കാർ ഉത്തരവ് നം, തീയ്യതി | വായ്പ തുക | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | - | - | 19,05,996 | 4,14,288 | 96,524 | 14,91,708 |
| ഇ.എം.എസ്. ഭവന പദ്ധതി, സ.ഉ.(533/10 /ത.സ്വ.ഭ.വ, 18.02.2010 | 1,86,63,000 | 2,07,500 | 1,18,51,750 | 23,00,000 | - | 97,59,250 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|

| | | |
|---|---|---|
| 1997-98, 30, 31 | 2003-04, 11.7 | കാലഹരണപ്പെട്ട നികുതികളുടെ വിവരം |
| 2000-01, 49 | 2003-04, 11.6.4 | പാടശേഖരസമിതിക്ക് ട്രാക്ടർ |
| 2000-01, 52 | 2003-04, 11.1 | തൊഴിൽരഹിത വേതനം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ ക്രമക്കേട് |
| 2000-01 | 2003-04, 11.7 | കൊടക്കുന്ന് അങ്കണവാടി കെട്ടിടം |
| | | വെറ്റിനറി ആശുപത്രി റിപ്പയർ |
| | | പാലക്കുറ്റി മരുതങ്കൽ റോഡ് |
| 2001-02 | | വീട്ടിൽ ഒരു പശു പദ്ധതി - ഇൻഷുറൻസ് പ്രീമിയം നൽകിയത് |
| | റോഡ് -ടി- | വനിതകൾക്ക് 3 മാസ കംപ്യൂട്ടർ പരിശീലനം |
| | -ടി- | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററും എഴുതിയിട്ടില്ല |
| | -ടി- | നികുതി പിരിവിൽ അലംഭാവം - കുടിശ്ശിക പെരുകുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,20,31,087 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,14,03,322 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21,46,796 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,28,130 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 6,66,957 | ശ്രീമതി.രേഖ .പി. ആനന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 6,66,956 | ശ്രീ. സന്തോഷ് കുമാർ, അസി. എക്സി. എഞ്ചിനീയർ |
| 3-2 | | 2,72,156 | ശ്രീമതി.രേഖ .പി. ആനന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 2,72,156 | ശ്രീ.സന്തോഷ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 85,956 | ശ്രീമതി.രേഖ .പി. ആനന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 85,955 | ശ്രീ. സന്തോഷ് കുമാർ, അസി. എക്സി. എഞ്ചിനീയർ |
| 3-4 | | 16,649 | ശ്രീമതി നസീമ.കെ.കെ,കൃഷി ഓഫീസർ |
| 3-11 | | 23,348 | ശ്രീ. ബി. ബാബു പ്രസാദ്, സെക്രട്ടറി |
| 3-13 | | 28,331 | ശ്രീ ഇ.കെ.മുഹമ്മദ്,ഹെഡ്മാസ്റ്റർ |
| | | 28,332 | ശ്രീ.മുഹമ്മദ്.കെ,എ.ഇ.ഒ,കൊടുവള്ളി |
| | | 21,46,796 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-5 | 3,64,000 | ശ്രീ ബി. ബാബു പ്രസാദ്, സെക്രട്ടറി |
| 3-6 | 1,47,892 | |
| 3-7 | 5,00,000 | |
| 3-8 | 1,85,650 | |
| 3-9 | 5,39,670 | |
| 3-10 | 4,90,918 | |
| 3-14 | 2,00,000 | |
| ആകെ | 24,28,130 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

- ഇല്ല –

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

-ഇല്ല -

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രേഖ .പി. ആനന്ദ്, അസി സ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | മൂപ്പറകുന്ന് (വീട്),കുന്ദമംഗലം (പി.ഒ), കോഴിക്കോട് ജില്ല |
| ശ്രീ. ബി. ബാബു പ്രസാദ്, സെക്രട്ട റി | സെക്രട്ടറി,കൊടുവള്ളിനഗരസഭ | ശ്രീപത്മം, പടക്കെക്കാട്ടിൽ പറമ്പ്,വേങ്ങേരി പി. ഒ കോഴിക്കോട് |
| ശ്രീ.ഇ.കെ.മുഹമ്മദ്, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർഗവ.എം.എൽ.പി.സ്കൂൾ കളാരാന്തിരികൊടുവള്ളി, കോഴിക്കോ ട് | എലാംകുന്നത്ത് (വീട്)വെളിമണ്ണ (പി.ഒ)ഓമശ്ശേരി, കോഴിക്കോട് |
| ശ്രീ.മുഹമ്മദ്.കെ, എ.ഇ.ഒ. കൊടു വള്ളി | റിട്ടയേഡ് | കാഞ്ഞിരങ്ങാട് വീട് |
| ശ്രീമതി. നസീമ.കെ.കെ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷി ഭവൻ, കൊടുവ ള്ളി | 4 എ, അൽ ഹിന്ദ് അപ്പാർട്ട്മെന്റ്, കോവൂർ, മെഡി ക്കൽ കോളേജ് പി.ഒ ,കോഴിക്കോട്. |
| ശ്രീ. സന്തോഷ് കുമാർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | ആലയംകോട്ടൂളികുതിരവട്ടം പി.ഒ, കോഴിക്കോട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(5), തീ.07.01.2014 | 4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(6), തീ.07.01.2014 | 6 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(7), തീ.07.01.2014 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.1 /721/2014(4), തീ.07.01.2014 | 9 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(5), തീ.07.01.2014 | 11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.1 /485/2008, തീ.05.02.2009 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.1 /55/2009, തീ.07.01.2009 | 19 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.1 /351/2010, തീ.30.04.2010 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.1 /726/2011, തീ.01.08.2011 | 24 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.1 /1817/2012, തീ.14.12.2012 | 31 |
| 2009-10,2010-11 | എൽ.എഫ്.കെ.കെ.ഡി/പി.1 /987/2013, തീ.13.03.2013 | 11 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.1 /1019/2014, തീ.04.07.2014 | 15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി.1 /393/2015, തീ.04.08.2015 | 18 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി./പി.1 /1312/2015, തീ | 22 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.1 /2032/15തീയതി. 16.3.16 | 31 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി14/144
/17
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ – 0495-2371012
തീയതി:30.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 1.11.2015മുതൽ 31.03.2016 ൽ അവസാനിച്ച കാലയളവിലെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുവള്ളി നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ് മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ്ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA.KKD. P14/144/2017

Kerala State Audit Department
PH: 0495-2371012
Civil Station – Kozhikode
District Audit Office

Dated:
30.1.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KODUVALLY MUNICIPALITY in Kozhikode District for the period from 1.11.2015 to 31.03.2016 in accordance with section'4' of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelince issued by the Comptroller and Auditor Generla of India for the purpose of certification of accounts of Municipalities.

In my openion, the Financial Statements of Koduvally Municipality for the period from 1.11.2015 to 31.3.2016 subject to the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

Kerala State Audit Department
District Audit Office, Kozhikode